## വ്യവസായങ്ങൾക്ക് നക്ഷത്ര പദവി

5 (*455) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ലാഭത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ ഉത്തരവാദിത്തം തുടങ്ങിയവയ്ക്കുകൂടി പ്രാധാന്യം നൽകുന്ന ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കുവാനുംവേണ്ടി ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection System)ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്/ഇ-മെയിൽ മുഖേന നൽകും. പരിശോധനയ്ക്കുശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. K-CIS സംവിധാനത്തിലൂടെ വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകളിൽ സുതാര്യത ഉറപ്പാക്കുവാൻ കഴിയും. അതിലുപരിയായി സംരംഭകർക്ക് ആത്മവിശ്വാസം പകരുവാനും, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിയും. വ്യവസായ വാണിജ്യ സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്താണ് പോർട്ടലിന് രൂപം നൽകിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിസ്ഥിതിക്ക് നാശം സൃഷ്ടിക്കാത്തതും തൊഴിലാളി സൗഹൃദം പുലർത്തുന്നതും ജനങ്ങളുടെ ക്ഷേമം പരിഗണിക്കുന്നതുമായ ഇത്തരം വ്യവസായങ്ങൾക്ക് നക്ഷത്ര പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

2019-ൽ നിലവിൽ വന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണത്തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുകവഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പരിസ്ഥിതിക്ക് നാശം സൃഷ്ടിക്കാത്തതും തൊഴിലാളി സൗഹൃദം പുലർത്തുന്നതും ജനങ്ങളുടെ ക്ഷേമം പരിഗണിക്കുന്നതുമായ ഉത്തരവാദിത്ത വ്യവസായങ്ങൾക്ക് നക്ഷത്ര പദവി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ മികച്ച അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിലന്തരീക്ഷവും ബോദ്ധ്യപ്പെടുത്തി വ്യവസായങ്ങളെ ആകർഷിക്കാൻ വ്യവസായ വകുപ്പിന് പരിപാടിയുണ്ടോ; വിശദമാക്കാമോ?

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. ‘ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേല്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനംവഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'M.S.M.E Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ ഉൾപ്പെടാത്ത M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC, KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റംവരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി രൂപ ചെലവാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ 20-5-2021-ൽ കൂടിയ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള കരട് ബഹു.മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, കിഫ്ബി വഴി സംസ്ഥാനത്തുടനീളം നടന്നുവരുന്ന വിവിധ പദ്ധതികൾ, വ്യവസായ പാർക്കുകളിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച സൗകര്യങ്ങൾ എന്നിവ വ്യവസായ സംരംഭകത്വത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നവയാണ്. മേൽ സൂചിപ്പിച്ച വിവിധ നടപടികളിലൂടെ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ രംഗം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു.